# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **14-03-2022 - ൽ മറുപടിയ്ക്ക്**

## വിദ്യാകിരണം മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം മുകേഷ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മികവോടെ തുടരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളേതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതു വിദ്യാലയങ്ങളെ ജനകീയ പങ്കാളിത്ത ത്തോടെ സംരക്ഷിക്കുന്നതിനും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കു ന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനു സൃതമായി ഏറ്റവും മികച്ച ഭൗതിക അന്തരീക്ഷവും അക്കാദമിക പ്രവർത്തന ങ്ങളുമാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി നവകേരളം കർമ്മപദ്ധതി IIന്റെ ഭാഗമായ വിദ്യാകിരണം മിഷനും ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. 1) ഭൗതിക സൗകര്യവികസന കാര്യങ്ങളിൽ തുടങ്ങിവച്ച പ്രവർത്തന ങ്ങൾ സമയബന്ധിതമായി പൂർത്തീകരി ക്കുക , ഇനിയും ഭൗതിക സൗകര്യ വികസനം നടത്താത്ത സ്കൂളുകളുടെ ആവശ്യങ്ങൾ കണ്ടെത്തി അഭിമുഖീകരിക്കുക. 2) പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളിൽ ആവശ്യമായ ഫർണിച്ചറുകൾ ഉറപ്പുവരുത്തുക. 3) നിലവിൽ തയ്യാറാക്കിയ സ്കൂൾതല മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തി മെച്ചപ്പെടുത്തുക. 4) ഓരോ കുട്ടിയ്ക്കും ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്ന തിന് സഹായകമാകുന്ന മെന്ററിങ് പദ്ധതി കൂടുതൽ വിപുലീകരിക്കുക 5) സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ പരിപാല നവും ഉപയോഗവും ഫലപ്രദമാക്കുന്ന തിനുള്ള സംവിധാനം ഒരുക്കുക. 6) കുട്ടികളുടെ |

| | | | |
|---|---|---|---|
| | | | കലാസാംസ്കാരിക കായിക വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകുക. 7) അക്കാദമിക മികവ് വർദ്ധിപ്പിക്കു ന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. 8) അധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കുക 9) അക്കാദമിക മോണിറ്ററിങ് സംവിധാനം വികസിപ്പിക്കുക 10) സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തു ന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക 11) സ്കൂൾ ക്യാമ്പസുകൾ ഹരിതാഭമാക്ക ന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക 12) കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ / ക്ലാസ്സ് ലൈബ്രറികൾ മെച്ചപ്പെടുത്തുക. |
| (ബി) | നവകേരളം കർമപദ്ധതിയുടെ ഭാഗമായ വിദ്യാകിരണം മിഷനെക്കുറിച്ച് വിശദമാക്കാമോ; | (ബി) | നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതു വിദ്യാലയങ്ങളെ ജനകീയ പങ്കാളിത്ത ത്തോടെ സംരക്ഷിക്കുന്നതിനും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കു ന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനു സൃതമായി ഏറ്റവും മികച്ച ഭൗതിക അന്തരീക്ഷവും അക്കാദമിക പ്രവർത്തന ങ്ങളുമാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി നവകേരളം കർമ്മപദ്ധതി IIന്റെ ഭാഗമായ വിദ്യാകിരണം മിഷനും ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. 1) ഭൗതിക സൗകര്യവികസന കാര്യങ്ങളിൽ തുടങ്ങിവച്ച പ്രവർത്തന ങ്ങൾ സമയബന്ധിതമായി പൂർത്തീകരി ക്കുക , ഇനിയും ഭൗതിക സൗകര്യ വികസനം നടത്താത്ത സ്കൂളുകളുടെ ആവശ്യങ്ങൾ കണ്ടെത്തി അഭിമുഖീകരിക്കുക. 2) പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളിൽ ആവശ്യമായ ഫർണിച്ചറുകൾ ഉറപ്പുവരുത്തുക. 3) നിലവിൽ തയ്യാറാക്കിയ സ്കൂൾതല മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തി മെച്ചപ്പെടുത്തുക. 4) ഓരോ കുട്ടിയ്ക്കും ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്ന തിന് സഹായകമാകുന്ന മെന്ററിങ് പദ്ധതി കൂടുതൽ വിപുലീകരിക്കുക 5) സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ പരിപാല നവും ഉപയോഗവും ഫലപ്രദമാക്കുന്ന തിനുള്ള സംവിധാനം ഒരുക്കുക. 6) കുട്ടികളുടെ |

| | | | |
|---|---|---|---|
| | | | കലാസാംസ്കാരിക കായിക വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകുക. 7) അക്കാദമിക മികവ് വർദ്ധിപ്പിക്കു ന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. 8) അധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കുക 9) അക്കാദമിക മോണിറ്ററിങ് സംവിധാനം വികസിപ്പിക്കുക 10) സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തു ന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക 11) സ്കൂൾ ക്യാമ്പസുകൾ ഹരിതാഭമാക്കു ന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക 12) കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ / ക്ലാസ്സ് ലൈബ്രറികൾ മെച്ചപ്പെടുത്തുക. |
| (സി) | കേരളത്തെ ഒരു വിജ്ഞാനസമൂഹമാക്കി പരിവർത്തിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ലോക വൈജ്ഞാനിക രംഗത്തുണ്ടായ കുതിപ്പ് ഉൾക്കൊള്ളുന്ന വിധത്തിൽ പാഠ്യപദ്ധതി പരിഷ്കരണം അനിവാര്യമാണോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) | പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എസ്.സി.ഇ.ആർ.ടി മുഖേന സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ